**സബ്മിഷൻ**

1. ശബരിമല ദർശനത്തിനുള്ള സ്പോട്ട് ബുക്കിംഗ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് തീർത്ഥാടന വേളയിൽ ഓൺലൈൻ ബുക്കിംഗിലൂടെ മാത്രം ഭക്തരെ സന്നിധാനത്തേയ്ക്ക് കടത്തിവിട്ടാൽ മതിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരിക്കുകയാണ്. ഓൺലൈൻ ബുക്കിംഗിലൂടെ ഒരു ദിവസം എൺപതിനായിരം തീർത്ഥാടകരെ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷം തൊണ്ണൂറായിരം തീർത്ഥാടകരെ ഓൺലൈൻ ബുക്കിംഗിലൂടെ അനുവദിച്ചിരുന്നു. അതുകൂടാതെ സ്പോട്ട് ബുക്കിംഗിലൂടെ പതിനയ്യായിരം തീർത്ഥാടകരെയും അനുവദിച്ചിരുന്നു. എങ്കിൽപ്പോലും ധാരാളം തീർത്ഥാടകർക്ക് പമ്പയിലും മറ്റുമിറങ്ങി മാലയൂരി ദർശനം കിട്ടാതെ തിരികെ പോകേണ്ടിവന്നു എന്ന് വ്യാപകമായി പരാതി ഉയർന്നിരുന്നു. ഈ തീരുമാനം ഗുരുതരമായ പ്രശ്നങ്ങൾക്ക് വഴിതെളിക്കും. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പതിനായിരക്കണക്കിന് ഭക്തർ ഈ

ഓൺലൈൻ ബുക്കിംഗിനെക്കുറിച്ച് അറിവുള്ളവരോ ഇന്റർനെറ്റ് സാക്ഷരതയുള്ളവരോ അല്ല. നാൽപ്പത്തിയൊന്ന് ദിവസത്തെ വ്രതമെടുത്ത് നമ്മേക്കാൾ വളരെ ഭക്തിനിർഭരമായി ഇവിടെയെത്തുമ്പോൾ, ഓൺലൈൻ ബുക്കിംഗ് ഇല്ല എന്നതിന്റെ പേരിൽ പതിനായിരക്കണക്കിന് ഭക്തർക്ക് ദർശനം കിട്ടാതെ മടങ്ങിപ്പോകേണ്ടി വരുന്ന ഗുരുതരമായ ഒരു സാഹചര്യമുണ്ടാകുകയാണ്. അതുകൊണ്ട് ഓൺലൈൻ ബുക്കിംഗ് ഇല്ലാതെ വരുന്ന ആളുകൾക്കുകൂടി സ്പോട്ട് ബുക്കിംഗിലൂടെ ദർശനം കിട്ടുന്നതിനുള്ള സൗകര്യം വേണം. പരമാവധി ആളുകൾക്ക് ദർശനത്തിനുള്ള സൗകര്യം ലഭിക്കണം. 2018 വരെ നിരവധി ഭക്തർ ഇവിടെ വന്നിരുന്നു. തിരക്കുണ്ടാകുമെങ്കിലും ഒരു പ്രശ്നവുമില്ലാതെ എല്ലാവർക്കും ദർശനം കിട്ടിയിരുന്നു. ഇപ്പോൾ എല്ലാവർക്കും ദർശനം കിട്ടാത്ത ഒരു സാഹചര്യത്തിലേയ്ക്ക് പോകുന്നത് വേറെ തരത്തിലുള്ള ചർച്ചകൾക്ക് വഴിതെളിക്കുമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഗൗരവതരമായി സ്പോട്ട് ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തണം. സാധാരണഗതിയിൽ, ഓൺലൈൻ ബുക്കിംഗ് നടത്തുന്നവരിൽ ഇരുപത് ശതമാനത്തോളം ഭക്തർ പല കാരണങ്ങളാൽ

തീർത്ഥാടത്തിന് എത്തിച്ചേരില്ല. ഓൺലൈൻ ബുക്കിംഗ് നടത്തിയവർക്ക് ചില സമയങ്ങളിൽ തിരക്കുമൂലം ആ സമയത്ത് അവിടെ എത്തിച്ചേരാൻ കഴിയില്ല. പിന്നീട് അയാൾക്ക് ദർശനം ലഭിക്കില്ല. അങ്ങനെ വൈകിവരുന്ന ആളുകൾക്ക് സ്പോട്ട് ബുക്കിംഗ് ആണ് സൗകര്യപ്രദം. ഓൺലൈൻ ബുക്കിംഗ് നടത്തിയിട്ടും എത്തിച്ചേരാത്ത ഇരുപത് ശതമാനം ഒഴിവിൽ സ്പോട്ട് ബുക്കിംഗ് നടത്താൻ കഴിയണം. കഴിഞ്ഞ തവണ ഒരു ലക്ഷത്തി അയ്യായിരം പേർക്ക് പ്രവേശനം ലഭിച്ചിരുന്ന സ്ഥാനത്ത് ഇത്തവണ എൺപതിനായിരം പേർക്കാണ് പ്രവേശനം ലഭിക്കുന്നത്. ഈ സംഖ്യ വർധിപ്പിക്കുകയും, വഴിയിൽ ഭക്തരെ തടയുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അവർക്കാവശ്യമായ ഭക്ഷണ സൗകര്യവും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്തില്ലെങ്കിൽ ഇത് അപകടകരമായ ഒരു നിലയിലേയ്ക്ക് പോകും എന്ന് ഞാൻ വിനീതമായി മുന്നറിയിപ്പ് നൽകുകയാണ്. സർക്കാർ അടിയന്തരമായി സ്പോട്ട് ബുക്കിംഗ് ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമെടുക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയംതന്നെ

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ആവശ്യപ്പെടുകയുണ്ടായി. ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ്, പോലീസ്, ജില്ലാ ഭരണകൂടം എന്നിവർ പങ്കെടുത്ത ഒരു ഓൺലൈൻ യോഗം 05-10-2024-ൽ ചേർന്നിരുന്നു. പ്രതിദിനം ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ എണ്ണം എൺപതിനായിരത്തിന് മുകളിൽ പോകാതെ ക്രമീകരിക്കേണ്ടത് സുഗമമായ തീർഥാടനം ഉറപ്പാക്കുന്നതിന് അനിവാര്യമാണെന്ന് കാണുകയും ഇതിന് വെർച്വൽ ക്യൂ ബുക്കിംഗ് മാത്രം മതിയോയെന്നും സ്പോട്ട് ബുക്കിംഗ് അനുവദിക്കേണ്ടതുണ്ടോയെന്നും യോഗം വിശദമായി ചർച്ച ചെയ്തു. സ്പോട്ട് ബുക്കിംഗ് ഏർപ്പെടുത്തിയാൽ പ്രതിദിനം തീർഥാടകരുടെ എണ്ണം എൺപതിനായിരം കവിയുമെന്നതാണ് മുൻകാലങ്ങളിൽ അനുഭവം. അതിന്റെ ഏറ്റവും നല്ല ഉദാഹരണം, 2023-24-ൽ ഒന്നാം ഫേസിൽ തൊണ്ണൂറായിരം വെർച്വൽ ക്യൂ ബുക്കിംഗും പതിനായിരത്തോളം സ്പോട്ട് ബുക്കിംഗും ഉണ്ടായിരുന്നു. രണ്ടാം ഫേസിൽ

എൺപതിനായിരം വെർച്വൽ ക്യൂ ബുക്കിംഗും പതിനായിരത്തോളം സ്പോട്ട് ബുക്കിംഗുമായി തൊണ്ണൂറായിരത്തോളം ബുക്കിംഗ് ഉണ്ടായിരുന്നു. മൂന്നാം ഫേസിൽ എഴുപതിനായിരം വെർച്വൽ ക്യൂ ബുക്കിംഗും പതിനായിരം സ്പോട്ട് ബുക്കിംഗും ഉൾപ്പെടെ എൺപതിനായിരം ബുക്കിംഗ് ഉണ്ടായിരുന്നു. ഒരു ദിവസം എൺപതിനായിരത്തിനുമേൽ ഭക്തർ അവിടെ എത്തിക്കഴിഞ്ഞാൽ അവർക്ക് പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ ബുദ്ധിമുട്ടുകളുണ്ടാകും, congested ആയിട്ടുള്ള അവസ്ഥ സംജാതമാകും. സ്പോട്ട് ബുക്കിംഗ് ഏർപ്പെടുത്തിയാൽ പ്രതിദിന തീർത്ഥാടകരുടെ എണ്ണം എൺപതിനായിരം കവിയുന്നതായി മുൻകാലങ്ങളിൽ കണ്ടുവരുന്നു. ഇത് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും തിരക്ക് നിയന്ത്രണത്തെയും മറ്റ് മുന്നൊരുക്കങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നും അത് സുഗമമായ തീർത്ഥാടനത്തിന് തടസ്സം വരുത്തുമെന്നും യോഗം വിലയിരുത്തി. മുകളിൽ പരാമർശിച്ച എണ്ണത്തിൽ കൂടുതൽ തീർത്ഥാടകർ എത്തിച്ചേരുന്നത് ഒഴിവാക്കുന്നതിനും സുഗമമായ തീർത്ഥാടനത്തിനും 2024-25 ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടന കാലത്ത് വെർച്വൽ ക്യൂ ബുക്കിംഗ്

വഴിമാത്രം തീർത്ഥാടകരെ അനുവദിക്കുന്നതാണ് ഉചിതമെന്ന് വിലയിരുത്തുകയും അപ്രകാരം തീരുമാനിക്കുകയും ചെയ്തു. സ്പോട്ട് ബുക്കിംഗ് ഒഴിവാക്കുകയും വെർച്വൽ ക്യൂ മുഖേന പ്രതിദിനം എൺപതിനായിരം തീർത്ഥാടകരെ അനുവദിക്കുകയും ചെയ്യും. കൂടാതെ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി സ്വീകരിക്കുന്നതിനായി തീർത്ഥാടകർ ഏത് പാതയാണ് തീർത്ഥാടനത്തിന് തെരഞ്ഞെടുക്കുന്നതെന്ന വിവരം മുൻകൂട്ടി വെർച്വൽ ക്യൂവിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനമെടുത്തു. വെർച്വൽ ക്യൂവിലെ സ്ലോട്ടിന് കളർ കോഡിംഗ് നൽകി കൂടുതൽ തീർത്ഥാടകർ ബുക്ക് ചെയ്യുന്ന സ്ലോട്ടുകൾ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വെർച്വൽ ക്യൂ സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനും ഓരോ ദിവസവും വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്യുന്ന തീർത്ഥാടകരുടെ എണ്ണം നിശ്ചിത ഫോർമാറ്റിൽ ജില്ലാ ഭരണകൂടത്തിനും പോലീസിനും മുൻകൂട്ടി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## 2. ഇടുക്കി ഒറ്റമരം മുതൽ ഗ്യാപ്റോഡ് വരെയുള്ള കൈയേറ്റം ഒഴിപ്പിക്കൽ

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇടുക്കി ജില്ലയിലെ ബൈസൺവാലി ചൊക്രമുടി മലനിരകളിൽ വ്യാപകമായ ഭൂമി കൈയേറ്റം നടക്കുകയാണ്. വരയാടുകൾ, പന്ത്രണ്ട് വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞി ഉൾപ്പെടെയുള്ള അപൂർവ സസ്യസമ്പത്ത്, ജൈവവൈവിധ്യത്തിന്റെ കലവറ തുടങ്ങിയവയ്ക്കെല്ലാം പേരുകേട്ട സ്ഥലമാണ് ചൊക്രമുടി. 'ഇടുക്കിയുടെ കാശ്മീർ' എന്ന് വിളിക്കപ്പെടുന്ന ചൊക്രമുടിയിൽ വ്യാപകമായ കൈയേറ്റം നടക്കുകയാണ്. XXXXXXXXXXXX[+] ബൈസൺവാലി പഞ്ചായത്തിലെ സർവെ നമ്പർ 27/1-ൽപ്പെട്ട ചൊക്രമുടി മലയോട് ചേർന്നുള്ള നാല്പത് ഏക്കർ റവന്യൂ ഭൂമിയിലാണ് ഈ കൈയേറ്റം നടക്കുന്നത്. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു മലയാളി വ്യവസായി നേതൃത്വം നൽകുന്ന ഭൂമാഫിയയാണ് ഇതിന് പിന്നിലുള്ളത്. ഇയാൾക്കെതിരെ ചിന്നക്കനാലിലും വട്ടവടയിലും ഭൂമി കൈയേറ്റത്തിനെതിരെ കേസുകൾ നിലവിലുണ്ട്. സർക്കാരിന്റെ റവന്യൂ ഭൂമിയിൽ ഇയാളുടെ തൊഴിലാളികളായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട നാലുപേർക്ക് 14.69 ഏക്കർ ഭൂമിക്ക് വ്യാജപട്ടയം നൽകി. പിന്നീട് ഈ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.(ഫയൽ നം.17373/ഇ.ബി/2024/ലെജി.)

പട്ടയങ്ങൾ റവന്യൂ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ശ്രീ. സിബി ജോസഫ് എന്ന വ്യക്തിക്ക് മറിച്ചുവിറ്റു. ഇവിടെയാണ് വ്യാപകമായ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത്. ഈ ഭൂമി ഏകദേശം നാല്പത് പേർക്ക് മറിച്ചുവിറ്റു. എന്നാൽ പട്ടയത്തിനുള്ള സർവെ ഡിമാർക്കേഷൻ ചാർജ് അടച്ചതായി രാജാക്കാട് വില്ലേജിലെ ലാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. റെഡ് സോണിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് റീസർവെ എങ്ങനെ പ്രാവർത്തികമാകും? xxxxxxxx+ ഇവിടെ റോഡുകൾ, ചെക്ക്ഡാമുകൾ എന്നിവയടക്കം നിർമ്മിക്കുകയും പാറ പൊട്ടിക്കുകയും മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. തൊട്ടടുത്തുള്ള, കൃത്യമായ രേഖകളില്ലാത്ത പന്ത്രണ്ട് ഏക്കർ ഭൂമി സി.പി.ഐ.-യുടെ പ്രാദേശിക നേതാവ് ഈ വ്യക്തിക്ക് വിറ്റു. മുതുവാൻ ആദിവാസി സമൂഹത്തിൽപ്പെട്ട ജനങ്ങൾ പവിത്രവും പരിപാവനവുമായി കാണുന്ന ചൊക്രമുടി ഒരു ആരാധനാ കേന്ദ്രമായിത്തന്നെയാണ് അവർ കണക്കാക്കുന്നത്. മാസങ്ങളോളം നീണ്ടുനിന്ന കൈയേറ്റ പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടും സർക്കാർ സംവിധാനങ്ങൾ

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.(ഫയൽ നം.17373/ഇ.ബി/2024/ലെജി.)

അനങ്ങിയില്ല. XXXXXXX+ ഭൂമാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറയുന്ന ഗവൺമെന്റാണ് ഇത്തരത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം.)-ന്റെയും ബഹുമാനപ്പെട്ട സഭാംഗമായ എം. എം. മണിയുടെയും നേതൃത്വത്തിൽ ഇതിനെതിരെ പ്രതിഷേധം ശക്തമാക്കിയിട്ടുള്ളതാണ്. കൈയേറ്റങ്ങൾക്കായി റീസർവെ അടക്കമുള്ള കാര്യങ്ങൾക്ക് ഓർഡർ തരപ്പെടുത്തി നൽകുന്നതിന് പ്രത്യേക റാക്കറ്റ് ഇവിടെ പ്രവർത്തിക്കുകയാണ്. അതീവ പരിസ്ഥിതിലോല പ്രദേശമായ ചൊക്രമുടി മലയോട് ചേർന്ന ഈ ഭൂപ്രദേശത്ത് ഇങ്ങനെ കൈയേറ്റമുണ്ടായാൽ; അതിന് താഴ്ഭാഗത്ത് എസ്.സി./എസി.ടി. വിഭാഗത്തിലെ ഇരുനൂറോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ചൂരൽമല അടക്കം നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഈ കൈയറ്റങ്ങൾ കാരണം നാളെ ഇവിടെ മലയിടിച്ചിലും വലിയൊരു ദുരന്തവുമുണ്ടായാൽ ആരാണ് ഉത്തരവാദി?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അവസാനിപ്പിക്കാം. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ള സ്ഥലമാണത്. വയനാട്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.(ഫയൽ നം.17373/ഇ.ബി/2024/ലെജി.)

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അടിയന്തര നടപടി സ്വീകരിക്കണം. ഈ സാഹചര്യത്തിൽ ബൈസൺവാലി ചൊക്രമുടി മലയിൽ ഭൂമാഫിയയുടെ കൈയേറ്റവും ഒറ്റമരം മുതൽ ഗ്യാപ്റോഡ് വരെയുള്ള മുഴുവൻ കൈയേറ്റങ്ങളും ഒഴിപ്പിക്കാനുള്ള നടപടിയാണ് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സ്വീകരിക്കേണ്ടത്. ഒറ്റമരം മുതൽ ഗ്യാപ്റോഡ് വരെ റവന്യൂ ഭൂമിയിൽ അനിയന്ത്രിതമായ കൈയേറ്റങ്ങൾ നടക്കുകയാണ്. ചോദിക്കാനും പറയാനും ഇവിടെ ആരുമില്ലേ; റവന്യൂ വകുപ്പ് എന്തുകൊണ്ട് അനങ്ങുന്നില്ല? ഇവിടെ നൽകിയിട്ടുള്ള മുഴുവൻ വ്യാജ പട്ടയങ്ങളും റദ്ദാക്കി റവന്യൂ ഭൂമി തിരിച്ചുപിടിക്കണം. കൈയേറ്റക്കാർക്കെതിരെയും അവർക്ക് സഹായം നൽകിയ ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ നേതാക്കൾക്കുമെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ചൊക്രമുടിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളോട് ഞാൻ ആദ്യ ഘട്ടത്തിൽ യോജിക്കുകയാണ്. അത് മൂന്നാറിന്റെ അല്ലെങ്കിൽ

ഇടുക്കിയുടെ കാശ്മീർ ആണെന്നുള്ള അദ്ദേഹത്തിന്റെ വിവരണം ശരിയായ കാര്യവുമാണ്. പക്ഷേ അദ്ദേഹം തുടർന്ന് പറഞ്ഞ കാര്യങ്ങളിൽ തെറ്റായ/ അവാസ്തവമായ കാര്യങ്ങളാണ് അധികവും അടങ്ങിയിട്ടുള്ളത്. ദേവികുളം താലൂക്കിൽ ബൈസൺ വാലി വില്ലേജിലെ ചൊക്രമുടി മലനിരകളിൽ വ്യാപകമായി ഭൂമി കയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നതായി മാധ്യമ വാർത്തകളിലൂടെയാണ് ശ്രദ്ധയിൽപ്പെട്ടത്. 23-08-2024-ൽ തഹസീൽദാർ സ്റ്റോപ് മെമ്മോ നൽകി നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവെക്കുകയുണ്ടായി. തുടർന്ന് ഇതുസംബന്ധിച്ച് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കാനും റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ ജില്ലാ കളക്ടർക്ക് നിർദേശം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും പാടില്ലെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ 13-09-2024-ന് ജില്ലാകളക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും, ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ അഞ്ച് പേർ അടങ്ങുന്ന പ്രത്യേക അന്വേഷണ സംഘത്തെ

ഇക്കാര്യം പരിശോധിക്കാൻ നിയമിക്കുകയും ചെയ്തു. കൂടാതെ ആർ.ടി.കെ. മെഷീൻ ഉൾപ്പടെയുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് പ്രദേശത്തെ മൊത്തം ഭൂമിയും അളന്ന് സർവെ ഡീമാർക്കേഷൻ നടത്തുന്നതിന് സർവെ ഡെപ്യൂട്ടി ഡയറക്ടറെയും, പ്രദേശത്തെ സംരക്ഷിത വൃക്ഷങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്നും, സ്ഥലത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം സംബന്ധിച്ചും പരിശോധിക്കാൻ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും ചുമതലപ്പെടുത്തി. അന്വേഷണ സംഘം പട്ടയങ്ങൾ, അനധികൃത കയ്യേറ്റം, നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ലഭ്യമായത് എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി ജില്ലാകളക്ടർക്ക് 2-10-2024-ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താൽക്കാലിക ശിപാർശകൾ അടങ്ങുന്ന ഒരു റിപ്പോർട്ട് 5-10-2024-ന് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും പരാതിക്ക് ആസ്പദമായിട്ടുള്ള സ്ഥലം ദേവികുളം താലൂക്കിൽ ബൈസൺ വാലി വില്ലേജിലെ റീ-സർവെ ബ്ലോക്ക് നമ്പർ 4-ൽ

സർവെ 35-ൽപ്പെട്ടതും 876 ഏക്കർ വിസ്തീർണ്ണം വരുന്നതുമായ സർക്കാർ പാറ പുറമ്പോക്ക് ഭൂമിയാണെന്ന് കാണുന്നു.

ചൊക്രമുടിയിൽ ഭൂമി കയ്യേറ്റം നടന്നിട്ടുണ്ട് എന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. 1965-1970 കാലഘട്ടത്തിൽ നൽകിയ അഞ്ച് പട്ടയങ്ങൾ ദുരുപയോഗം ചെയ്താണ് കയ്യേറ്റം നടന്നത്. 3060 ഏക്കർ വരുന്ന ഒരു വലിയ പ്രദേശം മൈനർ സർക്യൂട്ടായി സർവെ ചെയ്ത് 27/1 എന്ന സർവെ നമ്പരിൽ ഉൾപ്പെടുത്തിയിരുന്നു. ഈ ഭൂമിയിൽ നിന്നാണ് മുൻപ് പട്ടയങ്ങൾ നൽകിയിട്ടുള്ളത്. ഈ പട്ടയങ്ങൾ പ്രകാരമുള്ള സ്ഥലങ്ങളാണെന്ന് തെറ്റിദ്ധരിപ്പിച്ചാണ് ഇപ്പോൾ റീ-സർവെ ബ്ലോക്ക് നമ്പർ 4-ൽ സർവെ 35-ൽപ്പെട്ട 876 ഏക്കർ വരുന്ന ഭൂമിയുടെ ഒരു ഭാഗത്ത് കയ്യേറ്റം നടന്നിട്ടുള്ളത്. 1974-ലാണ് ഈ പ്രദേശത്ത് റീ-സർവെ നടന്നത്. റീ-സർവെയിൽ മേൽപ്പറഞ്ഞ 876 ഏക്കർ ഭൂമി സർക്കാർ കൈവശത്തിലുള്ള പാറ പുറമ്പോക്കായി കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റെക്കോർഡുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. ആരുടെയും കൈവശവും രേഖപ്പെടുത്തിയിട്ടില്ല. ഇതിനെതിരെ ആരും നാളിതുവരെ ഒരു പരാതിയും

ഉന്നയിച്ചിട്ടുമില്ല. പട്ടയത്തിൽ ഉൾപ്പെട്ട ഭൂമിയിലല്ല, മറിച്ച് 1974-ലെ റീ-സർവെ റെക്കോർഡ് പ്രകാരം പാറ പുറമ്പോക്കായി കിടക്കുന്ന ഭൂമിയിലാണ് കയ്യേറ്റം നടന്നിട്ടുള്ളതെന്നും ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് കയ്യേറ്റം ഒഴിപ്പിക്കാൻ നിർദേശിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പതിച്ചു നൽകാനാകാത്തതും പാരിസ്ഥിതികമായി റെഡ് സോണിൽ ഉൾപ്പെടുന്നതുമായ പ്രദേശത്തുള്ള അനധികൃത കയ്യേറ്റം തടയാത്ത ഉദ്യോഗസ്ഥരെയും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. അനുവദിച്ച ഉദ്യോഗസ്ഥരെയും സർവീസിൽ നിന്ന് മാറ്റി നിർത്തി അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സർക്കാർ ഇതിനകം നിർദേശം നൽകിക്കഴിഞ്ഞു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ലാൻഡ് കൺസർവൻസി ആക്റ്റ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം മേഖലയുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റ് പ്രകാരമുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. കൂടാതെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള പട്ടയങ്ങൾ റദ്ദ്

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്ന പക്ഷം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഉത്തരവിൽ നിർദേശം നൽകിയിട്ടുണ്ട്. ഈ പ്രദേശം ഹൈ ഹസാർഡ് സോണിൽ ഉൾപ്പെട്ടതിനാൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുവദിച്ച എൻ.ഒ.സി.-കൾ പരിശോധിച്ച് റദ്ദ് ചെയ്യാനും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഒരു കയ്യേറ്റക്കാരനെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഈ ഗവൺമെന്റ് ഏറ്റെടുക്കില്ല. അത് ഈ ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്യേണ്ട; കയ്യേറ്റം നടത്തുന്നത് എത്ര വലിയ തമ്പുരാൻ ആണെങ്കിലും കർശന നടപടിയെടുക്കും. അതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ കൂട്ടുനിന്നിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കും. റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസ് കയ്യേറ്റത്തിന് കൂട്ടുനിന്നുവെന്നൊരു ആക്ഷേപം ശ്രീ. രമേശ് ചെന്നിത്തല ഉന്നയിക്കുകയുണ്ടായി. അത് വാസ്തവ വിരുദ്ധമാണ്. ബഹുമാനപ്പെട്ട അംഗം സബ്മിഷനിൽ ഉന്നയിച്ചതുപോലെ സിബി ജോസഫ് എന്ന വ്യക്തി ഇതിനുമുമ്പ് ഈ വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിക്ക് ഒരു പരാതിയും സമർപ്പിച്ചിട്ടില്ല. എന്നാൽ ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച്

ലഭിക്കുന്നതിന് 2016-ൽ ഉടുമ്പൻചോല തഹസീൽദാർക്ക് അപേക്ഷ നൽകിയെങ്കിലും നാളിതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഇപ്പോൾ തന്റെ മകളുടെ വിവാഹത്തിന് ഭൂമി വിൽക്കുന്നതിനായി ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് നൽകണമെന്നും മെജോ ജോസഫ് എന്നയാളുടെ പരാതി ലഭിച്ചപ്പോൾ സാധാരണ എല്ലാ പരാതിയിലും ചെയ്യുന്നപോലെ പരിശോധിച്ച് നടപടി സ്വീകരിക്കാൻ പരാതിയിൽത്തന്നെ ഒരു മേലെഴുത്ത് രേഖപ്പെടുത്തി ഇടുക്കി ജില്ലാ കളക്ടർക്ക് നൽകുക മാത്രമാണ് മന്ത്രിയുടെ ഓഫീസിൽനിന്ന് ചെയ്തത്. ഇത് നൽകിയത് റവന്യൂ മന്ത്രിയുടെ പൊതുജന പരാതി പരിഹാര പോർട്ടലായ 'റവന്യൂ മിത്രം' പോർട്ടലിലൂടെയാണ്. സ്വകാര്യമായിട്ടോ ഏതെങ്കിലും വിധത്തിലുള്ള നിർദേശമോ പ്രത്യേക ഉത്തരവുകളോ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടില്ലെന്ന് ഞാൻ ആവർത്തിച്ച് പറയുന്നു. ഇവിടെ പഞ്ചായത്ത് പ്രസിഡന്റ് ഉന്നയിച്ചതായി പറഞ്ഞല്ലോ; കേൾക്കുമ്പോൾ ആളുകൾക്ക് തോന്നും പഞ്ചായത്ത് പ്രസിഡന്റ് എന്ന റാങ്കിൽ നിന്നുകൊണ്ടാണ് അദ്ദേഹം പറഞ്ഞതെന്ന്, അല്ലേയല്ല. അദ്ദേഹം ഈ സിബി ജോസഫുമായി ഭൂമിക്കച്ചവടത്തിന് എഗ്രിമെന്റ് ഉണ്ടാക്കിയ ആളാണ്. അദ്ദേഹം

ഭൂമിക്കച്ചവടത്തിന് എഗ്രിമെന്റ് ഉണ്ടാക്കിയതിന്റെ വാചകം ഞാൻ വായിക്കാം. അങ്ങ് തെറ്റിദ്ധരിച്ചതാണ്. അങ്ങേക്കറിയാം, ഒരു മന്ത്രിയുടെ മുമ്പിൽ ഇത്തരമൊരു പെറ്റീഷൻ വന്നാൽ പരിശോധിച്ച് നടപടിയെടുക്കാൻ വേണ്ടിയാണ് പറയുക. ഈ പഞ്ചായത്ത് പ്രസിഡന്റ് എന്നു പറയുന്നയാൾ സിബി ജോസഫിന് കൊടുത്ത എഗ്രിമെന്റിൽ എഴുതിയ ഭാഗം ഞാൻ ഇവിടെ വായിക്കാം. 'ഒന്നാം കക്ഷി കൈ വശം വച്ച് കൃഷി ദേഹണ്ഡങ്ങൾ ചെയ്തും ആദായമെടുത്തും സർവെ സ്വതന്ത്രമായി അനുഭവിച്ചുവരുന്നതും നിലവിൽ പട്ടയം സിദ്ധിച്ചിട്ടില്ലാത്തതുമായ ഭൂമിയാണ് ഇവിടെ പറഞ്ഞയാൾക്ക് ഈ പഞ്ചായത്ത് പ്രസിഡന്റ് വിറ്റുവെന്ന് രേഖ ഉണ്ടാക്കിയത്. അത്തരമൊരാളുടെ വാക്കാണ് അങ്ങ് ഇവിടെ ഉദ്ദേശിച്ചത്. ഈ സഭയെ സാക്ഷി നിർത്തി അങ്ങയോട് ഞാൻ പറയുന്നു, എട്ട് കൊല്ലമായി ഒരു പരാതി കൊടുത്തിട്ട് റവന്യൂ ഉദ്യോഗസ്ഥൻ നടപടിയെടുത്തില്ലെന്നും എന്റെ മകളുടെ കല്ല്യാണം നടത്താൻ ഇത് അനിവാര്യമാണെന്നും കാണിച്ച് ഒരു പരാതി സാധാരണ നിലയിൽ വന്നാൽ പരിശോധിച്ച് നടപടിയെടുക്കുക എന്നുതന്നെയാണ് ഇനിയും ഞങ്ങൾ പറയാൻ പോകുന്നത്. അങ്ങ് ഈ സ്ഥാനത്ത് ഇരുന്നാലും അതു മാത്രമേ പറയാൻ

പറ്റുകയുള്ളൂ. കയ്യേറ്റക്കാരെയും കുടിയേറ്റക്കാരെയും രണ്ടായി കണ്ട് നടപടി സ്വീകരിക്കുന്ന സർക്കാരാണിത്. കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്നതിന് നിയമഭേദഗതി ഉൾപ്പെടെ എല്ലാ നടപടികളും സ്വീകരിക്കുമ്പോഴും കയ്യേറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ ഇച്ഛാശക്തിയായ ഒരു ഗവൺമെന്റാണ് ഈ കേരളത്തിലുള്ളതെന്ന് വളരെ അഭിമാനത്തോടെ പറയുകയാണ്. സംസ്ഥാനത്ത് പുരോഗമിച്ചുവരുന്ന ഡിജിറ്റൽ റീ-സർവെയിലൂടെ സർക്കാർ ഭൂമിയിലുള്ള മുഴുവൻ കയ്യേറ്റങ്ങളും കണ്ടെത്താൻ കഴിയും. അത്തരത്തിൽ കണ്ടെത്തുന്ന മുഴുവൻ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. അതുകൊണ്ട് ഈ വിധത്തിൽ ഒരു ഇടപെടലും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകില്ല. ഇതിൽ അന്വേഷണം നടത്തി കൃത്യമായ അന്വേഷണം വന്നു. അതിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കെതിരെയും നടപടിയെടുക്കാനും വ്യാജ പട്ടയങ്ങൾ ഉണ്ടെങ്കിൽ അത് ക്ലിയർ ചെയ്ത് റദ്ദ് ചെയ്യാനും അവാസ്തവമായ പട്ടയങ്ങൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കാനും സർക്കാർ നിർദേശം നൽകിക്കഴിഞ്ഞു.

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, പോയിന്റ് ഓഫ് ഓർഡർ..... ആരോപണ വിധേയമായ വിഷയങ്ങൾ സബ്മിഷനിലൂടെ ഉന്നയിക്കാൻ പാടില്ല. സി.പി.ഐ-ക്കെതിരെ റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങൾ പ്രത്യേകം ഉന്നയിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

<u>മി. സ്പീക്കർ:</u> അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

3. <u>മാവൂർ ഗ്വാളിയർ റയൺസിന്റെ സ്ഥലത്ത് പുതിയ സംരംഭം</u>

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയർ റയൺസ് അടച്ചുപൂട്ടിയിട്ട് ഉദ്ദേശം കാൽ നൂറ്റാണ്ട് കഴിയുകയാണ്. ആ സ്ഥലമൊക്കെ കാടുകയറി വന്യമൃഗങ്ങളുടെ ആവാസകേന്ദ്രമായി മാറിയിരിക്കുകയാണ്. സർക്കാർ ഇതുസംബന്ധിച്ച് നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിൽ തുടർനടപടികളൊന്നും നടക്കുന്നില്ല. പ്രസ്തുത കേസ് ഉടനടി തീർപ്പാക്കുന്നതിനോ ഉഭയകക്ഷി ചർച്ചകളിലൂടെ തർക്കം പരിഹരിച്ച് അവിടെ

ഏതെങ്കിലും സംരംഭങ്ങൾ ആരംഭിക്കാനോ സത്വര നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം പലതവണ ചോദ്യരൂപത്തിലും അല്ലാതെയും ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2001 മുതൽ പ്രവർത്തനം നിലച്ചതാണ് മാവൂർ ഗ്വാളിയർ റയൺസ് കമ്പനി. അത് പല തലത്തിലുള്ള ചർച്ചകളിലൂടെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തിയെങ്കിലും അതൊന്നും ഫലപ്രാപ്തിയിലാകാത്തതിനെ തുടർന്നാണ് 2017-ൽ 238.41 ഏക്കർ സ്ഥലം ഏറ്റെടുത്തുകൊണ്ട് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് നൽകിയത്. എന്നാൽ അതിനെതിരെ ഗ്വാളിയർ റയൺസ് കമ്പനി ഹൈക്കോടതിയെ സമീപിച്ചതിനാൽ ആ കേസിൽ ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിരിക്കുകയാണ്. അത് റദ്ദാക്കാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏത് വ്യവസായ സംരംഭവും അവിടെ ആരംഭിക്കാൻ സർക്കാർ തയ്യാറാണ്. യഥാർഥത്തിൽ ഭൂമിയുടെ ലഭ്യത എന്നത്

കേരളത്തിലെ വ്യവസായവൽക്കരണം നേരിടുന്ന പ്രശ്നമാണ്. മാവൂർ ഗ്വാളിയർ റയൺസ് കമ്പനി നിലനിന്നിരുന്ന ഭൂമി കേരള സർക്കാരിന് ലഭിക്കുന്നതിനോ അല്ലെങ്കിൽ വ്യവസായ ആവശ്യങ്ങൾക്കുവേണ്ടിതന്നെ ഏതെങ്കിലും രൂപത്തിൽ ഉപയോഗിക്കാനോ വേണ്ടിയുള്ള ശ്രമംതന്നെയാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

4. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിൽ 599 കിലോമീറ്റർ കടലോരമാണുള്ളത്. കടലിന്റെ നഴ്സറിയാണ് ഉൾനാടൻ ജലാശയങ്ങൾ. രണ്ട് ദശാബ്ദത്തിലേറെയായി ഇന്നിപ്പോൾ ചാകരതന്നെ ദുർബലമാണ്. ജലാശയങ്ങളിൽ എക്കലും ചെളിയും നിറഞ്ഞ് ആഴം വളരെ കുറഞ്ഞിരിക്കുകയാണ്. ലോകോത്തരമായ നീർത്തടമാണ് വേമ്പനാട് കായൽ. ആറ് മുതൽ പന്ത്രണ്ട് മീറ്റർ വരെ ആഴമുള്ള ഈ കായലിൽ കൊച്ചി മുതൽ തണ്ണിർമുക്കം, തോട്ടപ്പള്ളി വരെയുള്ള പല പ്രദേശങ്ങളിലും ആഴം വളരെ കുറയുകയാണ്. അതുപോലെ വേലിയേറ്റവും വേലിയിറക്കവും വളരെ ദുർബലപ്പെട്ടിരിക്കുന്ന സാഹചര്യവുമുണ്ട്. മത്സ്യസമ്പത്തും കക്കസമ്പത്തും

ഗണ്യമായി കുറയുകയാണ്. 500 ടൺ കൊഞ്ച് കിട്ടിയിരുന്ന സ്ഥലത്ത് ഇന്നത് 30 ടൺ ആയി മാറി. 16000 ടൺ ലഭിച്ചിരുന്ന തെള്ളി, കാര, നാരൻ, ചൂടൻ ചെമ്മീനുകൾ അതുപോലെ കരിമീൻ, തിരുത, ചെമ്പല്ലി, പൂമീൻ, കട്ല തുടങ്ങിയ മത്സ്യങ്ങൾ ഏതാണ്ട് 8000 ടൺ ആയി കുറഞ്ഞിരിക്കുകയാണ്. തണ്ണീർമുക്കം ബണ്ടിന്റെ തെക്കുവശം കക്ക സമ്പത്തുതന്നെ തീരെ ഇല്ലാത്ത അവസ്ഥയിലാണ്. ഏതാണ്ട് 3000 ടൺ ഓളം മൈക്രോ പ്ലാസ്റ്റിക് ജലത്തിന്റെ അടിയിൽ അടിഞ്ഞുകൂടി മാലിന്യക്കൂമ്പാരങ്ങളായി ഇന്ന് കായലുകൾ മാറുകയാണ്. പമ്പയാർ, മീനച്ചിൽ, മണിമലയാർ, മൂവാറ്റുപുഴയാർ, പെരിയാർ, ചാലക്കുടി പുഴ തുടങ്ങിയ നദികളിൽ ഒഴുകിയെത്തുന്ന ജലം വേമ്പനാട് കായലിൽ വന്ന് പതിക്കുന്നതും കൊച്ചി തുറമുഖത്ത് ഒഴുകിയെത്തുന്നതും അതിനിടയിലാണ് എക്കലും ചെളിയും അടിഞ്ഞുകൂടി ആഴം കുറഞ്ഞുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ നീരൊഴുക്കിനെതന്നെ തടസ്സം സൃഷ്ടിക്കുകയാണ്. KUFOS (Kerala University of Fisheries and Ocean Studies) അടക്കമുള്ള സ്ഥാപനങ്ങൾ നടത്തിയ പഠന റിപ്പോർട്ടുകൾ ഇക്കാര്യം വളരെ വ്യക്തമായി സൂചിപ്പിക്കുന്നതാണ്. ഇന്നാകട്ടെ, പോളപ്പായലും ഒരു

വലിയ വിഷയമായി മാറുകയാണ്. അത് സ്ഥിരമായി വാരിമാറ്റുന്നതിനുള്ള ഒരു പദ്ധതിയും നിലവിലില്ല. പോളപ്പായൽ ഉത്ഭവസ്ഥാനത്തുതന്നെ കായലിലേക്ക് ഇറക്കിവിടുന്നത് ഊന്നി-ചീന, അതുപോലെ ഒഴുക്കുവലകൾക്കും വലിയ നാശം സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ആഴം കുറഞ്ഞ ഭാഗങ്ങൾ ആഴം കൂട്ടുന്നതിനും പോളപ്പായൽ വാരി വളമാക്കുന്നതിനുമുള്ള ഒരു സമഗ്ര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗവൺമെന്റും മുൻകയ്യെടുത്തുകൊണ്ട് ആരംഭിക്കേണ്ടത് ഉൾനാടൻ ജലാശയങ്ങളിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാനും അതുവഴി കഴിയുന്നതാണ്. അതുകൊണ്ട് വേമ്പനാട് കായൽ സംരക്ഷണത്തിനായി ഒരു സമഗ്രമായ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. പി. ചിത്തരഞ്ജൻ

സൂചിപ്പിച്ചതുപോലെ 2018-ലെ മഹാപ്രളയത്തിന് ശേഷം ഉൾനാടൻ ജലാശയങ്ങളുടെ ആവാസ വ്യവസ്ഥയിൽ വലിയ മാറ്റങ്ങളുണ്ടായി എന്നത് വസ്തുതയാണ്. അതിന്റെ ഭാഗമായി മത്സ്യസമ്പത്തിൽ കാര്യമായ തോതിൽ ശോഷണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. എക്കലും ചെളിയും അടിഞ്ഞ് ജലാശയങ്ങളുടെ ആഴം കുറഞ്ഞത്, കൂടാതെ വേമ്പനാട് കായലിലും അഷ്ടമുടി കായലിലും കക്ക വർഗ ജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുകയും ഉൽപാദനം കുറയുകയും ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും വരുമാനവും വർധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന ധാരാളം പദ്ധതികൾ വിഭാവനം ചെയ്തു നടപ്പാക്കിവരുന്നുണ്ട്.

ഫിഷറീസ് വകുപ്പിന് മാത്രമായി ഒരു തീരുമാനമെടുക്കാവുന്ന വിഷയമല്ല ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾകൂടി ഉൾപ്പെടുത്തി യോജിച്ച ഒരു പ്രവർത്തനമാണ് നടത്തേണ്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിലവിൽ ക്രമീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി വേമ്പനാട് കായലിലേക്ക് ഒഴുകി വരുന്ന കനാലുകളുടെയും

തോടുകളുടെയും നവീകരണവും അറ്റകുറ്റപ്പണിയും ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്നുണ്ട്. വേമ്പനാട് കായലിന്റെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും അതിന്റെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും കായലിലെ ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനും അതോടൊപ്പം വേമ്പനാട് കായലിനെ ആശ്രയിച്ച് കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് 'വേമ്പനാട് കായൽ പാരിസ്ഥിതിക പുനഃസ്ഥാപന യജ്ഞം' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷം ആലപ്പുഴ ജില്ലയിലെ വയലാർ, നെടുമുടി, തുറവൂർ, മുഹമ്മ, തൈക്കാട്ടുശ്ശേരി വെളിയനാട്, മണ്ണഞ്ചേരി, അരുക്കുറ്റി, പെരുമ്പളം എന്നിവിടങ്ങളിൽ പഞ്ചായത്ത് കനാൽ നവീകരണം, വേമ്പനാട് കായലിന്റെ നൈസർഗ്ഗിക ഒഴുക്ക് തടസ്സം നീക്കൽ, കുട്ടനാട് പാടശേഖര സംരക്ഷണം, ജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കൽ, കായൽ മത്സ്യബന്ധന പ്രവർത്തികൾ എന്നിവ ഉൾപ്പെടുത്തി 43,51,721/- രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി

അരൂർ പഞ്ചായത്തിലെ മൂന്ന് കനാലുകൾ നവീകരിക്കുന്നതിനായി 17 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ മത്സ്യഫെഡുമായി കൂടിച്ചേർന്ന് 2020-21 വർഷം വേമ്പനാട് കായലിലെ പോളപ്പായൽ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ 250 മത്സ്യത്തൊഴിലാളികൾ ചേർന്ന് നീക്കം ചെയ്യുകയും ഒരു സംഘത്തിന് 66,000/- രൂപ വീതം ആകെ 6,60,000/- രൂപ പത്ത് സംഘങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

2022-2023 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ കൈനകരി, മുട്ടാർ, കാവാലം, ചേന്നംപള്ളിപ്പുറം, പാണാവള്ളി, കോട്ടയം ജില്ലയിലെ കുമരകം എന്നീ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട പഞ്ചായത്ത് കനാലുകളുടെയും തോടുകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 99.17 ലക്ഷം രൂപ അനുവദിക്കുകയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ ഏഴുപുന്ന, തൈക്കാട്ടുശ്ശേരി, വയലാർ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനും

പുനരുദ്ധാരണത്തിനും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൻപ്രകാരം എഴുപുന്ന ഗ്രാമപഞ്ചായത്തിലെ തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി 35,15,932/- രൂപയും വയലാർ ഗ്രാമപഞ്ചായത്തിലെ കനാലുകൾക്കായി 8,15,183/- രൂപയും ചേർത്ത് ആകെ 43,31,115/- രൂപ അനുവദിച്ച് പ്രവൃത്തികൾ നടപ്പാക്കിവരുന്നു. വയലാർ ഗ്രാമപഞ്ചായത്തിലെ അവശേഷിക്കുന്ന പ്രവർത്തികൾക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപയും തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾക്കായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പാക്കുന്നതിലൂടെ വേമ്പനാട് കായലിലേക്കുള്ള ജലത്തിന്റെ സ്വതന്ത്രവും സ്വാഭാവികവുമായ ഒഴുക്ക് ഉറപ്പാക്കാനും വെള്ളപ്പൊക്കംമൂലമുള്ള അപകടങ്ങൾ ഒഴിവാക്കാനും കഴിയും. അതുകൊണ്ടുതന്നെ മത്സ്യ സമ്പത്ത് വർധിപ്പിക്കാനും മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര തൊഴിൽ സാധ്യതയും അതുവഴി ലക്ഷ്യമിടുകയാണ്. നടപ്പ് സാമ്പത്തിക വർഷം ടി പ്രവർത്തികൾക്കായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിലേക്ക് ആലപ്പുഴ ജില്ലയിലെ മണ്ണൻഞ്ചേരി, കുത്തിയതോട് ഗ്രാമപഞ്ചായത്തുകളിലെയും കോട്ടയം

ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിലെയും വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി Conservation and Management of inland resource' എന്ന ശീർഷകത്തിൽ വർഷാവർഷം ബജറ്റിൽ തുക വകയിരുത്തുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നു. മുൻ വർഷം 5 കോടി രൂപയാണ് ടി ശീർഷകത്തിൽ വകയിരുത്തിയത്. ഈ വർഷം വകയിരുത്തിയ 4 കോടി രൂപയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്.

'ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം' എന്ന പദ്ധതിയലുൾപ്പെടുത്തി വാമനപുരം, അഷ്ടമുടി, വേമ്പനാട്, ചേറ്റുവ, കടലുണ്ടി, കുറ്റ്യാടി, അഞ്ചരക്കണ്ടി എന്നീ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി തദ്ദേശീയ ഇനങ്ങളായ കാർപ്പ് മത്സ്യ വിത്തുകളും ചെമ്മീൻ വിത്തുകളും നിക്ഷേപിക്കുകയും മത്സ്യ, കക്ക സംരക്ഷിത

പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 463 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 370 ലക്ഷം രൂപയും വകയിരുത്തി രണ്ട് വർഷങ്ങളിലായി 162 ലക്ഷം രൂപ വീതം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുമുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2024-25) 333 ലക്ഷം രൂപ വകയിരുത്തിയ പ്രസ്തുത പദ്ധതി നിലവിൽ നടപ്പാക്കിവരികയാണ്. ഉൾനാടൻ മത്സ്യബന്ധനത്തിലൂടെയുള്ള ഉൽപാദനം 2022-23-ൽ 1.91 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽനിന്നും വ്യത്യസ്തമായി 2023-24-ൽ 2.51 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചിട്ടുള്ള കാര്യം സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കക്കയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു, അത് വളരെ വസ്തുതാപരമാണ്. അഷ്ടമുടി, വേമ്പനാട് കായലുകളിലും വാമനപുരം നദിയിലുമായി 26 മത്സ്യസംരക്ഷണ കേന്ദ്രങ്ങളും 20 കക്കസംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. ഇതുവഴി മത്സ്യ/കക്ക ഉൽപാദനം വർധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. കക്കയുടെ

ഉൽപാദനം 2022-23-ൽ 85750 മെട്രിക് ടണ്ണിൽ നിന്നും 2023-24-ൽ 89577 മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനുമായി 2023-25 സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി മത്സ്യകൃഷി വികസന പദ്ധതിയ്ക്ക് 71.25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലായി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. ഈ വർഷത്തെ എംപവർമെന്റ് പദ്ധതിയൊക്കെ അതിന്റെ ഭാഗമായി വരുന്നതാണ്. കൂടാതെ ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി PMMSY (Pradhan Mantri Matsya Sampada Yojana) പദ്ധതിയിലുൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 296.68 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ ആയ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), ഓരുജലങ്ങളിലെ കൂട് കൃഷി, ഓരുജല മത്സ്യകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്,

സംയോജിത ചെറുകിട അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഇടത്തരം അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികളും നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ ജലസംഭരണികളിലെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനായി 12 ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി പ്രതിവർഷം 200 ലക്ഷം രൂപയുടെ റിസർവോയർ ഫിഷറീസ് വികസന പദ്ധതി നടപ്പാക്കിവരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ദയവായി അവസാനിപ്പിക്കണം. സബ്മിഷനായി ഇത്രയും സമയം അനുവദിക്കാൻ സാധിക്കില്ല.

ശ്രീ. സജി ചെറിയാൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. പ്രസ്തുത പദ്ധതി പ്രകാരം 2023-24 വർഷം 80 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ മുൻവർഷം അയ്യായിരത്തിലധികം പട്ടികജാതി- പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ നൽകാനും 4172 മെട്രിക് ടൺ മത്സ്യം ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. വിശദമായ

മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്+. ഇന്ന് നമ്മുടെ സംസ്ഥാനത്ത് മൊത്തത്തിൽ ഉൾനാടൻ മത്സ്യോൽപാദനത്തിൽ വർധനയുണ്ട് എന്ന കാര്യം വസ്തുതയാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഗൗരവതരമാണ്. അതിനായി ധനകാര്യം, തദ്ദേശസ്വയംഭരണം, ഫിഷറീസ്, ഇറിഗേഷൻ എന്നീ വകുപ്പുകൾ ചേർന്നുള്ള പദ്ധതികളുമായി മുന്നോട്ടുപോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## 5. അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ അജാനൂർ പഞ്ചായത്തിൽപ്പെട്ട അജാനൂർ ഫിഷിംഗ് ഹർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് ഏതാണ്ട് പതിനഞ്ച് വർഷത്തിലേറെക്കാലമായി ഈ സഭയിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. പതിമൂന്ന്-പതിനാല് വർഷങ്ങളായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധിയാണ് ഞാൻ. അതിനുമുമ്പുള്ള ജനപ്രതിനിധികളടക്കം ഇവിടെ ചർച്ച ചെയ്തിട്ടുള്ള വിഷയമാണിത്. ഇതുസംബന്ധിച്ച് വിവിധ പരീക്ഷണങ്ങളും

---
\+ അനുബന്ധമായി വച്ചിട്ടുണ്ട്.

ഗവേഷണങ്ങളും ഇക്കാലയളവിൽ നടത്തുകയുണ്ടായി. എന്നാൽ, നാളിതുവരെ ഹാർബർ യാഥാർത്ഥ്യമായിട്ടില്ലെന്നതാണ് വസ്തുത. ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ഭയത്തോടുകൂടിയാണ് മത്സ്യബന്ധനത്തിനിറങ്ങുന്നത്. കടലിൽപോയ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുകയും അവരുടെ വള്ളവും വലയും നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യവും പലപ്പോഴുമുണ്ടായിട്ടുണ്ട്. ഈ സഭയിൽ പല സന്ദർഭങ്ങളിലായി ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധനത്തിനിറങ്ങാൻ കഴിയുന്ന സാഹചര്യമുണ്ടാക്കാൻ അജാനൂർ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ഉത്തരം ദീർഘമാണെങ്കിൽ ചുരുക്കി പറയണം. സബ്മിഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ഒരു മിനിട്ട് മാത്രമേ എടുത്തിട്ടുള്ളൂ.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെ ഉന്നയിച്ചത്. ഞാൻ ഒറ്റ മിനിട്ടുകൊണ്ട് പറഞ്ഞവസാനിപ്പിക്കാം. കഴിഞ്ഞ 11 വർഷക്കാലമായി അദ്ദേഹം ഇതിന്റെ പുറകെ പോകുന്നുണ്ടെന്ന് പറഞ്ഞത് ശരിയാണെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അതിന്റെ നടപടികൾ തുടങ്ങിയത്. ഞാൻ നേരിട്ട് കാസർഗോഡ് ജില്ലയിലെ ചിത്താരി കടപ്പുറം അജാനൂർ ഭാഗം സന്ദർശിക്കുകയും ബന്ധപ്പെട്ട ആളുകളുമായി സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 101.33 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി 24-03-2022-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന്, 26-03-2022, 27-03-2022 എന്നീ തീയതികളിൽ ചേർന്ന പ്രധാൻമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയുടെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിയിലും പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റിയിലും പദ്ധതി പരിഗണിച്ചിരുന്നു. ഫിഷിംഗ് ഹാർബറിന്റെ ഭാവി വികസനംകൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസൽ ഏരിയയുടെ വലുപ്പം കൂട്ടുന്നതിനും ബ്രേക്ക് വാട്ടർ ക്രോസ് സെക്ഷൻ

അന്തിമമാക്കുന്നതിന് flume study നടത്തുന്നതിനും മാതൃകാ പഠനം നടത്തി ചിത്താരി പുഴയിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമാക്കുന്നതിനും ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അധിക മാതൃകാ പഠനം നടത്തുന്നതിനായി CWPRS (Central Water and Power Research Station)-നെ ചുമതലപ്പെടുത്തി. ഇതിൽ ബേസൽ ഏരിയയുടെ വലുപ്പം കൂട്ടുന്നതിനുള്ള സ്റ്റഡി റിപ്പോർട്ടും flume study റിപ്പോർട്ടും ലഭിച്ചു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും 2024-ൽ ലഭിച്ച mathematical model study report-ന്റെ അടിസ്ഥാനത്തിലും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കി. ഇനി കേന്ദ്ര ഗവൺമെന്റിൽനിന്ന് CRZ clearance ലഭിക്കേണ്ട ഒറ്റ പ്രശ്നം മാത്രമേയുള്ളൂ. അതിനായി സബ്മിറ്റ് ചെയ്തിട്ടുണ്ട്. അജാനൂർ അഴിമുഖത്തിന്റെ കടലാക്രമണം തടയൽ, ചിത്താരി പുഴയുടെ അഴിമുഖത്തെ പ്രശ്നത്തിന് പരിഹാരം കാണൽ, പുഴയുടെ ഗതിമാറ്റം എന്നിവ കണക്കിലെടുത്ത് നിർദിഷ്ട മത്സ്യബന്ധന തുറമുഖത്തിന്റെ പഠനങ്ങൾ നടത്തിയിരുന്നു. വള്ളങ്ങൾ സുരക്ഷിതമായി കരയ്ക്കടുപ്പിക്കാൻ രണ്ട് പുലിമുട്ടുകളോടുകൂടിയ ഒരു ലേ ഔട്ടാണ് CWPRS ശിപാർശ ചെയ്തിട്ടുള്ളത്.

അതിന്റെഭാഗമായി അഴിമുഖത്ത് മണൽതിട്ടകൾ രൂപംകൊണ്ട് തടസ്സപ്പെടാതിരിക്കാനും പുഴ ഗതിമാറി ഒഴുകാതിരിക്കാനുമുതകുന്ന രീതിയിൽ മറുകരയിൽനിന്ന് ഒരു training wall നിർമ്മാണം ശിപാർശയിൽ ഉൾപ്പെട്ടിട്ടുണ്ട്. മാതൃകാ പഠനം അനുസരിച്ചുള്ള മുഴുവൻ ഘടകങ്ങളും ഹാർബറിന് പുറത്തുള്ള റിവർ ട്രെയിനിംഗും ഉൾപ്പെടെ നിർമ്മിക്കാൻ 230 കോടി രൂപ ആവശ്യമായി വരുമെന്നതാണ് വസ്തുത. ഇതിൽ മത്സ്യബന്ധന തുറമുഖവും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിന് 169 കോടി രൂപയായി കുറവ് വരുത്തേണ്ട കാര്യം PMMSY-ൽ സബ്മിറ്റ് ചെയ്തിരുന്നു. അങ്ങനെ കുറവ് വരുത്തി 169 കോടി രൂപയുടെ പദ്ധതിക്ക് CRZ clearance ലഭിക്കുന്നതിനുവേണ്ടി ഇപ്പോൾ നമ്മൾ സമർപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ പരിസ്ഥിതി ആഘാത പഠന സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാകാനുള്ള നടപടിയും സ്വീകരിച്ചു. പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് ക്ലിയറൻസും അംഗീകാരവും കിട്ടിയാൽ പദ്ധതി നടപ്പാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ ഇക്കാര്യം കേന്ദ്ര ഗവൺമെന്റ്കൂടി ശ്രദ്ധയിൽ കൊണ്ടുവന്നാൽ മതി. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും

എല്ലാ പ്രോസസ്സും പൂർത്തീകരിച്ചുകഴിഞ്ഞുയെന്ന കാര്യം നിയമസഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

6. കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരി, നാറാത്ത് എന്നീ രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു പാലമാണ് കല്ലൂരിക്കടവ് പാലം. നേരത്തെ കിഫ്ബി മുഖേന ഇതിന് തുക അനുവദിക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ KRFB (Kerala Road Fund Board) മുഖേന നടന്നുകൊണ്ടിരിക്കുകയുമാണ്. എന്നാൽ, പ്രവൃത്തി അല്പം നീണ്ടുപോകുന്ന നിലയാണുള്ളത്. കല്ലൂരിക്കടവ് പാലത്തിന്റെ തുടർ നടപടികൾ വേഗത്തിലാക്കി അതിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ കഴിയുമോയെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരി, നാറാത്ത് എന്നീ

പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ബഹുമാന്യനായ കെ. വി. സുമേഷ് എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. കല്ലൂരിക്കടവ് പാലം നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. പാലത്തിന് 34.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിക്ക് നൽകിയിരുന്നു. അപ്രോച്ച് റോഡിന്റെ അലൈൻമെന്റിൽ കിഫ്ബിയും ബഹുമാന്യനായ എം.എൽ.എ.-യും നിർദേശിച്ച മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി  അപ്രോച്ച് റോഡിന്റെ 16.11 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. സമർപ്പിച്ചു.  പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം രണ്ട് ഡിസൈനുകളും ഏകോപിപ്പിച്ച് റിവൈസ് ചെയ്യാൻ ഡിസൈൻ വിംഗിന് നിർദേശം നൽകിയിരിക്കുകയാണ്. അത് സമയബന്ധിതമായി സമർപ്പിക്കാൻ ഡിസൈൻ വിംഗിന്റെ സി.ഇ.-ക്ക് നിർദേശം നൽകും. റിവൈസ്ഡ് ഡി.പി.ആർ. ലഭിച്ചാലുടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

7. <u>വണ്ടിപ്പുര ഹൗസിംഗ് നഗർ പദ്ധതി</u>

<u>ശ്രീ. വി. ജോയി</u>: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടൊരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജില്ലയിൽ മൂവായിരത്തോളം പട്ടികജാതി നഗറുകളുണ്ട്. ഓരോ നിയോജകമണ്ഡലത്തിലേയും അടിസ്ഥാനസൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും ഇരുപത്തിയഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ നഗറുകൾ തിരഞ്ഞെടുത്താണ് എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി ഒരു കോടി രൂപ അനുവദിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ 2016 മുതൽ ഏതാണ്ട് 69-ഓളം ഗ്രാമങ്ങൾ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 30 ഗ്രാമങ്ങളാണ് പൂർത്തീകരിച്ചത്. വർക്കലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഞാൻ സബ്മിഷനിൽ പ്രധാനമായി ഉന്നയിക്കുന്നത്. വർക്കലയിൽ വണ്ടിപ്പുര ഹൗസിംഗ് നഗർ പദ്ധതി, വട്ടപ്ലാമൂട് ഗ്രാമം എന്നീ പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടതിനുശേഷവും

ഭരണാനുമതി ലഭിക്കുന്നില്ലെന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി മാറിയിരിക്കുകയാണ്. അതുമാത്രമല്ല, വിവിധ ഏജൻസികളെക്കൊണ്ടാണ് ഇത്തരം പദ്ധതികൾ ഇപ്പോൾ ഏറ്റെടുപ്പിക്കുന്നത്. ടി ഏജൻസികൾക്ക് സെന്റേജ് ഫീസും ജി.എസ്.ടി.-യും നിർബന്ധമായി നൽകുകയും വേണം. ഒരു കോടി രൂപയുടെ പദ്ധതിക്ക് സെന്റേജ് ഫീസും ജി.എസ്.ടി.-യും നൽകി കഴിഞ്ഞാൽ 65 ലക്ഷം രൂപയുടെ പദ്ധതിയായി ചുരുങ്ങുകയാണ്. യഥാർത്ഥത്തിൽ ഒരു കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുന്നുണ്ടെങ്കിലും 65 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തി മാത്രം നടപ്പിലാക്കാൻ പറ്റുന്നൊരു സാഹചര്യമാണ് നിലനിൽക്കുന്നത്. മാത്രമല്ല, അംബേദ്കർ ഗ്രാമ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച പണം ചെലവഴിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. നിർവഹണ ഏജൻസികളുമായി ബന്ധപ്പെട്ട് ഗുരുതരമായ പ്രശ്നങ്ങളാണ് ഇന്ന് അഭിമുഖീകരിക്കേണ്ടിവരുന്നത്. നിർവ്വഹണ ഏജൻസികൾ ഏറ്റെടുക്കുന്ന ഒരു പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കാരണം, ഭരണാനുമതി നൽകുന്നത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഓഫീസിൽനിന്നാണ്. ഏതെങ്കിലും ഒരു ഫയൽ പട്ടികജാതി വികസന വകുപ്പ്

ഓഫീസറുടെ മുമ്പിലെത്തിയാൽ പിന്നീട് അത് തിരിച്ച് വരാൻ മാസങ്ങളോ ചിലപ്പോൾ വർഷങ്ങളോ തന്നെയെടുക്കുന്നുണ്ട്. അതിന്റെ പുറകിൽ എം.എൽ.എ.-മാരുടെ പി.എ.-മാർ കയറിയിറങ്ങിയാൽപോലും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഓഫീസിൽനിന്ന് ഫയൽ സമയത്ത് വരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ്ജ് ഒഴിവാക്കി മറ്റേതെങ്കിലും വിധത്തിൽ ടെൻഡർ ചെയ്യാൻ പറ്റുമോ; പട്ടികജാതി വിഭാഗക്കാർക്ക് ജി.എസ്.ടി. ഒഴിവാക്കാൻ പറ്റുമോ തുടങ്ങിയ ഗൗരവമായ കാര്യങ്ങൾ സംബന്ധിച്ച് മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, 2023-24 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തിരഞ്ഞെടുത്തിട്ടുള്ള ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ വണ്ടിപ്പുര ഹൗസിംഗ് നഗർ നവീകരണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ്, പട്ടികജാതി വികസന ഓഫീസർ, നിർവഹണ ഏജൻസിയുടെ പ്രതിനിധി, ബന്ധപ്പെട്ട എൽ.എസ്.ജി.ഡി എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങളുടെ പ്രാഥമിക യോഗം നടത്തേണ്ടതും ഗ്രാമതല മോണിറ്ററിംഗ് കമ്മിറ്റിയെ തിരഞ്ഞെടുക്കേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ തീരുമാനിച്ചതിനുശേഷം എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ ആയത് പരിശോധിച്ച് അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ മോണിറ്ററിംഗ് കമ്മിറ്റി 14-10-2024-ന് പ്രാഥമിക യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാതല അവലോകന യോഗങ്ങളിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നതിനായി സാങ്കേതിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി ജില്ലാതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിനുമുള്ള

നടപടി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ നിശ്ചയിച്ചിട്ടുള്ള 25 പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ലഭ്യമാകാത്ത നഗറുകളിൽ തൊട്ടടുത്ത നഗറുകളെക്കൂടി ഉൾപ്പെടുത്തി ക്ലസ്റ്ററുകളായി നടപ്പാക്കുന്നതിനാണ് ആലോചിച്ചിട്ടുള്ളത്. അടങ്കൽ തുകയിൽ മാറ്റംവരുത്തി 15 വീടുകൾ വരെയുള്ള നഗറുകളെക്കൂടി ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അക്രെഡിറ്റഡ് ഏജൻസികളുടെ 3 കോടി രൂപവരെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് 7% നിരക്കിൽ സെന്റേജ് ചാർജ്ജും 1 കോടി രൂപയിൽ താഴെ 8% നിരക്കിൽ സെന്റേജ് ചാർജ്ജും 18% നിരക്കിൽ ജി.എസ്.ടി.-യും നൽകേണ്ടതുണ്ട്. ആയത് ഒഴിവാക്കുന്നതിനായി വ്യക്തിഗത ആനുകൂല്യങ്ങളായ ഭവന പുനരുദ്ധാരണം, ഓരോ വീടുകളിലും വൈദ്യുതി, കുടിവെള്ള കണക്ഷൻ, ടോയ്ലെറ്റ് നിർമ്മാണം എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനും മുതിർന്ന അംഗങ്ങളുള്ള വീടുകളിലെ ലാട്രിനുകളിൽ യൂറോപ്യൻ ക്ലോസറ്റും കൈപിടിയുമടക്കമുള്ള മാറ്റങ്ങൾ വരുത്തുന്നതിനും ഇത്തരം വ്യക്തിഗത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് താൽപര്യമുള്ളപക്ഷം നഗറുകളിലെ മോണിറ്ററിംഗ് കമ്മിറ്റിയുടെ

തീരുമാനപ്രകാരം അനുമതി നൽകുന്നതിനും അഡ്വാൻസ് അനുവദിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെ ചോദിച്ചതുപോലെ, എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകുന്നത് തിരുവനന്തപുരത്തെ ഡയറക്ടറുടെ ഓഫീസായതുകൊണ്ട് അതിന്റെ ബാഹുല്യം വളരെ കൂടുതലാണ്. അതുകൊണ്ടുതന്നെ സമയബന്ധിതമായി ഭരണാനുമതി നൽകാൻ സാധിക്കുന്നില്ല. അതിനാൽ നിലവിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന് ജില്ലാതലത്തിൽ അംഗീകാരം നൽകുന്നതുപോലെ ടി പദ്ധതികൾക്കായുള്ള എ.എസ്, ടി.എസ്. എന്നിവയ്ക്ക് ജില്ലാതലത്തിൽത്തന്നെ അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സെന്റേജ് ചാർജ്ജ് ഒഴിവാക്കാനുള്ള നടപടിയും വ്യക്തിഗത കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള വിഷയങ്ങളും പുതിയ ഉത്തരവിലുൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

## 8. <u>കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. എം. വിജിൻ</u>: സർ, 2019-ൽ സർക്കാർ ഏറ്റെടുത്ത കണ്ണൂർ മെഡിക്കൽ കോളേജിൽ വിവിധ ചികിത്സാ വിഭാഗങ്ങളിലായി ദിനംപ്രതി

രണ്ടായിരത്തി ഇരുന്നൂറിലധികം രോഗികളാണ് എത്തിച്ചേരുന്നത്. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാനസൗകര്യ വിപുലീകരണത്തിനായി ഈ സർക്കാർ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ കാത്ത് ലാബിന്റെ പ്രവർത്തനം വളരെ വേഗത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. അതോടൊപ്പം, കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി ആയത് നീട്ടിക്കൊണ്ട് പോകുന്ന സാഹചര്യങ്ങളുണ്ട്. അതൊഴിവാക്കി ടി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. നേരത്തെ ഗവൺമെന്റ് പ്രഖ്യാപിച്ച ട്രോമകെയർ യൂണിറ്റിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ നടപടിയുണ്ടാകേണ്ടത് അത്യാവശ്യമാണ്. കൂടാതെ, ജീവനക്കാരുടെ ആഗിരണ നടപടികൾ വളരെ വേഗത്തിൽ നടത്തുകയെന്ന ആവശ്യവുമായി ആശുപത്രി ജീവനക്കാർ സമര പരിപാടികളുൾപ്പെടെ ആരംഭിച്ചിരിക്കുന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ആഗിരണ പ്രക്രിയ പൂർത്തീകരിച്ചതിനെ തുടർന്ന്

സർക്കാർ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും അവിടത്തെ ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനും ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും പുതിയ പി.ജി. കോഴ്സുകൾ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അനുവദിച്ചുകൊണ്ടും വളരെ വേഗത്തിലുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം നാഷണൽ ഹൈവേയുടെ പ്രവൃത്തി ആരംഭിച്ചതിനുശേഷം നിലവിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപണി വേഗതയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഫണ്ട് അനുവദിച്ച് ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിച്ചതിനുശേഷം അതിന്റെ കളക്ഷൻ പ്ലാന്റ് അപകടകരമായ നിലയിലാണ് നിൽക്കുന്നത്. 1,19,00,000 രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

അക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും അടിയന്തരമായ ഇടപെടൽ ആവശ്യമാണ്. കാലപഴക്കമുള്ളതും പ്രവർത്തന രഹിതവുമായ മെഡിക്കൽ ഉപകരണങ്ങൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും

അവിടെ പുതിയതായി ആരംഭിച്ച പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ പുതിയ മെഷീനുകൾ നൽകാനുമാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകണം. മെഡിക്കൽ കോളേജിന് ഈ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. പക്ഷെ, ഇത്തരം നവീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കി കണ്ണൂർ മെഡിക്കൽ കോളേജിനെ മികച്ചൊരു ആശുപത്രിയാക്കി മാറ്റാനുള്ള ശ്രദ്ധകൂടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, 2019 മാർച്ച് മാസത്തിലാണ് കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും പരിയാരം മെഡിക്കൽ കോളേജും സർക്കാർ ഏറ്റെടുക്കുന്നത്. അന്നുമുതൽ ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. ബഹുമാന്യനായ എം.എൽ.എ.-യുടെ പ്രത്യേക ഇടപെടലിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽവന്ന ആദ്യഘട്ടത്തിൽ ജീവനക്കാരെ ആഗിരണം

ചെയ്യുന്നതിനുള്ള വ്യവസ്ഥ സൃഷ്ടിക്കുകയാണ് ചെയ്തത്. കാരണം, പരിയാരം മെഡിക്കൽ കോളേജ് വർഷങ്ങളായി പ്രവർത്തിക്കുന്നൊരു ആശുപത്രിയാണെങ്കിലും എറണാകുളം സഹകരണ ആശുപത്രിയെക്കാളും വ്യത്യസ്തമായിരുന്നു അവിടത്തെ സാഹചര്യം. അതുകൊണ്ടുതന്നെ കുറച്ചുകൂടി സങ്കീർണ്ണമായ നടപടിക്രമങ്ങളായിരുന്നു അവിടത്തേത്. അതിനായൊരു വ്യവസ്ഥ സൃഷ്ടിക്കുകയെന്നതാണ് ഈ സർക്കാർ ആദ്യമായി ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർവീസിലേയ്ക്ക് ഏറ്റെടുക്കുന്ന ജീവനക്കാരിൽ മെഡിക്കൽ അധ്യാപക വിഭാഗങ്ങളിലുൾപ്പെട്ട 147 സ്ഥിര ജീവനക്കാരെയും സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ വിവിധ തസ്തികകളിൽപ്പെട്ട 521 ജീവനക്കാരെയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 100 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും അക്കോമഡേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിയമനങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഡി.എം.ഇ. ലഭ്യമാക്കിയ 48 നഴ്സിംഗ് ഓഫീസർമാരുടെയും എൻട്രി കേഡറിൽ ജൂനിയർ ടു ജൂനിയർ മോസ്റ്റ് ഓപ്ഷൻ

തിരഞ്ഞെടുത്ത ആദ്യഘട്ടത്തിലെ 272 നഴ്സിംഗ് ഓഫീസർമാരുടെയും റെഗുലറൈസേഷൻ നടത്തുന്നതിനായി പി.എസ്.സി.-യുടെ ഉപദേശം തേടിയിട്ടുണ്ട്. ടി വിഷയം ക്ലിയർ ചെയ്തിട്ടുണ്ടെന്നാണ് പി.എസ്.സി. അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി നടപടി പൂർത്തിയാകുന്നതാണ്. ഇതുകൂടാതെ, നഴ്സിംഗ് അധ്യാപകർ, ഡെന്റൽ അധ്യാപക/അനധ്യാപക ജീവനക്കാർ, ഫാർമസി അധ്യാപകർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്/ട്രോളി വർക്കേഴ്സ്/ടൈലർ, മിനിസ്റ്റീരിയൽ/ഇതരവിഭാഗം ജീവനക്കാർ എന്നിവരുടെ അക്കോമഡേഷനായി സൃഷ്ടിച്ച 772 തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ അക്കോമഡേഷൻ നടപടികൾ നടന്നുവരുന്നുണ്ട്. ഇപ്രകാരം മെഡിക്കൽ കോളേജ് ഏറ്റെടുത്തതിനെത്തുടർന്ന് 1551 തസ്തികകൾ ആദ്യഘട്ടത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഞാൻ ആദ്യം പരിയാരം മെഡിക്കൽ കോളേജ് സന്ദർശിക്കുമ്പോൾ എൻ.എച്ച്.-ന്റെ തൊട്ടടുത്തുള്ള മെഡിക്കൽ കോളേജ് എന്ന നിലയിൽ പ്ലാസ്റ്റിക് സർജറി വിഭാഗം അനിവാര്യമാണെന്ന് ബഹുമാനപ്പെട്ട എംഎൽ.എ. ചൂണ്ടിക്കാണിച്ചതിന്റെകൂടി അടിസ്ഥാനത്തിൽ അവിടെ പ്ലാസ്റ്റിക് സർജറി

വിഭാഗം ആരംഭിക്കുകയും അതിനായി തസ്തിക സൃഷ്ടിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തു. മാത്രമല്ല, അവിടത്തെ പ്ലാസ്റ്റിക് സർജറി വിഭാഗം ശാക്തീകരിക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, നിയോനറ്റോളജി, പീഡിയാട്രിക് സർജറി, യൂറോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവയ്ക്കായി 21-12-2023-ന് 31 അധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും നിയമന നടപടികൾ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രണ്ടുമൂന്ന് വിഷയങ്ങളിലൊന്ന്, അവിടത്തെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ചാണ്. കണ്ണൂർ മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും സർക്കാർ നൽകിവരുന്നുണ്ട്. എന്നാൽ, ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകുന്നതോടുകൂടി അതായത്, റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാകുന്നതോടുകൂടി മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിൽ മുൻകാല പ്രാബല്യത്തോടെ ശമ്പളം പരിഷ്കരിച്ച് ലഭിക്കുന്നതാണ്. അതിൽ ഫിനാൻസ് വകുപ്പ് കൃത്യമായ

ഇടപെടലുകൾ നടത്തി അന്തിമ തീരുമാനത്തിലേയ്ക്ക് എത്തുന്നതാണ്. ഇതുകൂടാതെ, അവിടെ നടത്തിവരുന്ന പ്രവർത്തനങ്ങളെയും പി.ജി. സീറ്റുകളുടെ കാര്യത്തെയും സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ആവശ്യമായ അധ്യാപക തസ്തിക ഉൾപ്പെടെയുള്ളവ കൂടുതലായി സൃഷ്ടിക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. നിലവിൽ കണ്ണൂർ മെഡിക്കൽ കോളേജിൽ 36 പി.ജി. സീറ്റുകളുണ്ട്. ഇതിൽ 15 സീറ്റുകൾക്ക് പി.ജി. കോഴ്സ് ആരംഭിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. രോഗീപരിചരണം മെച്ചപ്പെടുത്തുന്നതിനായി എട്ട് വിഭാഗങ്ങളിൽ പി.ജി. സീറ്റ് വർധിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളുടെ വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്കായി 29.79 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഈ അറ്റകുറ്റപ്പണികളുടെ 85 ശതമാനവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. അവിടെ ഒരു ഭാഗത്ത് മെയിന്റനൻസ് വർക്ക് ആരംഭിക്കുമ്പോൾ നേരത്തെ എസ്റ്റിമേറ്റിലില്ലാത്ത ഭാഗത്തുകൂടി വർക്ക് ആവശ്യമായി വന്ന പ്രത്യേക സാഹചര്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം

നേരിട്ടിട്ടുണ്ട്. പക്ഷേ, പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണമെന്ന കർശനമായ നിർദേശം കരാർ ഏജൻസിക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണത്തിനായി 2023-24 സാമ്പത്തികവർഷം 74.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരികയുമാണ്. എസ്റ്റിമേറ്റ് എടുക്കുന്ന സന്ദർഭത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണം ഉൾപ്പെട്ടിരുന്നില്ല. അതൊരു അഡീഷണൽ വർക്കാണ്. ഇപ്പോൾ 1.10 കോടി രൂപയുടെ വർക്ക് ചെയ്യുന്നുണ്ട്. അധികമായിവരുന്ന തുക എങ്ങനെ കണ്ടെത്തുമെന്ന കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്. നാഷണൽ ഹൈവേയുടെ വർക്കുമായി ബന്ധപ്പെട്ടാണ് ടി പ്രവൃത്തി ഏറ്റെടുത്തതെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി അതിന് തത്തുല്യമായ തുക നൽകിയിട്ടില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൂടാതെ ഫാർമസി കോളേജിലെ ആൺകുട്ടികളുടെ ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലേഡീസ് ഹോസ്റ്റലിന്റെ പെയിന്റിംഗ് പ്രവൃത്തി

പൂർത്തീകരിച്ചു. എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നവീകരണ പ്രവർത്തനവും ഫാർമസി കോളേജിലെ അഡീഷണൽ ക്ലാസ്മുറിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. നൈറ്റ് ഓട്ടോപ്സി (പോസ്റ്റ്മോർട്ടം) നടത്തുന്നതിനായി 2022-23 സാമ്പത്തികവർഷത്തിൽ ഫോറൻസിക് വിഭാഗം നവീകരിക്കുന്നതിന് 98.10 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം തുടക്കത്തിൽ സൂചിപ്പിച്ച കാത്ത് ലാബാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇതിനായി ഈ വർഷത്തെ ബജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടിയന്തരമായി അവിടെ കാത്ത് ലാബ് സംവിധാനം സാക്ഷാത്കരിക്കുന്നതാണ്. കാത്ത് ലാബ്, ഡിജിറ്റൽ റേഡിയോഗ്രാഫി, ഐ.എ.ബി.പി. മെഷീൻ, വെന്റിലേറ്റർ മുതലായവയ്ക്കുവേണ്ടി ചെറുതുംവലുതുമായ വിവിധ ഉപകരണങ്ങൾക്കാണ് പദ്ധതിവിഹിതത്തിൽനിന്ന് പണം അനുവദിച്ചിട്ടുള്ളത്. അതുകൂടാതെ കൂട്ടിരിപ്പുകാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിന്റെ ആശ്വാസഭവന നിർമ്മാണ പ്രവൃത്തി കണ്ണൂരിൽ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, 124.95 കോടി രൂപയുടെ ഭരണാനുമതിയാണ് വിവിധ പ്രവർത്തനങ്ങൾക്കായി അവിടെ

അനുവദിച്ചിട്ടുള്ളത്. ഇതിൽ ട്രോമ കെയർ വളരെ പ്രധാനപ്പെട്ടതാണ്. ഞാൻ അവിടെ പോവുകയും ബഹുമാനപ്പെട്ട എം.എൽ.എ.-യും ഞങ്ങളുമായി നിരവധി മീറ്റിംഗുകൾ നടത്തുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. വർക്ക് പൂർത്തീകരിക്കുന്നതിന് വാപ്കോസ് ലിമിറ്റഡ് എന്ന ഏജൻസിക്ക് മുപ്പത് ദിവസംകൂടി അനുവദിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം കരാർ ഏജൻസിയെ മാറ്റി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്നതാണ്. കാരണം, സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാനാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ ഏൽപ്പിക്കുന്നത്. അത് നടപ്പിലാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ കാലതാമസമോ ഉണ്ടാകാൻ പാടില്ല. നിശ്ചിത മുപ്പതുദിവസത്തിനുള്ളിൽ ടി ഏജൻസി പ്രവൃത്തി പൂർത്തീകരിച്ച് കിഫ്ബി മുമ്പാകെ സബ്മിറ്റ് ചെയ്തില്ലെങ്കിൽ അവരെ മാറ്റി മറ്റൊരു ഏജൻസിയെ ഏൽപ്പിച്ച് പ്രവൃത്തി നിർവഹിക്കുന്നതാണ്. അതുകൂടാതെ, പാരാമെഡിക്കൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനും അതോടൊപ്പം പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

നടത്തുന്നതിനുമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

9. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശക്ക്

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സംസ്ഥാനത്തെ ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച് ക്ഷേമ പദ്ധതികൾ നിർദേശിക്കാൻ 2020-ൽ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച് ഒന്നരവർഷം കഴിഞ്ഞിട്ടും നാളിതുവരെ ടി റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല. ചീഫ് സെക്രട്ടറി അധ്യക്ഷനായ മൂന്നംഗ സമിതി രൂപീകരിച്ച് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായം രൂപീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുമെന്ന നിർദേശവും നടപ്പായിട്ടില്ല. പ്രസ്തുത റിപ്പോർട്ടിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പിന്നാക്കവസ്ഥ മറികടക്കുന്നതിനും അവർക്ക് ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി ടി റിപ്പോർട്ടിൽ ഇരുന്നൂറ്റി എൺപത്തിയഞ്ചോളം

\+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശിപാർശകൾ നൽകിയിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്. കേരളത്തിലെ സവിശേഷ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങൾ കാലാകാലങ്ങളായി അനുഭവിക്കുന്ന നിരവധി പരാതികൾക്ക് പരിഹാരമുണ്ടാകുമെന്ന ലക്ഷ്യത്തോടെയാണ് ടി കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. ആയതിനാൽ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച് അടിയന്തര തുടർനടപടി സ്വീകരിക്കണമെന്ന് പ്രസ്തുത സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. സംസ്ഥാനത്തെ ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് 5-11-2020-ൽ സർക്കാർ ഉത്തരവുപ്രകാരം രൂപീകൃതമായ റിട്ടയേർഡ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിലെ

നിർദേശങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേയ്ക്ക് കൈമാറി ലഭിച്ചിട്ടുണ്ട്. ക്രിസ്റ്റ്യൻ ന്യൂനപക്ഷങ്ങൾ അതായത്, ലത്തീൻ കത്തോലിക്കകാർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങൾ കുട്ടനാട്ടിലെയും മലയോര പ്രദേശങ്ങളിലെയും തീരദേശ മേഖലയിലെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും മനസ്സിലാക്കി ഇവിടങ്ങളിൽ വസിക്കുന്ന ക്രിസ്റ്റ്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്നപരിഹാരങ്ങൾക്കും സമഗ്രമായ നിർദേശങ്ങളുൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8-ൽ ക്രിസ്റ്റ്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട 284 ശിപാർശകളടങ്ങിയ റിപ്പോർട്ടാണ് കമ്മീഷൻ നൽകിയിട്ടുള്ളത്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നടപ്പിലാക്കേണ്ടുന്ന കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച്

തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനും അവ ക്രോഡീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രി 09-01-2024-ൽ സെക്രട്ടറിമാരുടെ യോഗവും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളുടെ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22-08-2024-ന് മറ്റൊരു യോഗവും വിളിച്ചുചേർക്കുകയുണ്ടായി. കൂടാതെ, റിട്ടയേർഡ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ ആരായുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായും ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ സെക്രട്ടറി എന്നിവർ അംഗങ്ങളായും സർക്കാർ ഉത്തരവുപ്രകാരം 02-03-2024-ൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇവ ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നിർദേശങ്ങൾ നടപ്പിലാക്കാനാണ് സർക്കാരുദ്ദേശിക്കുന്നത്.

10. കെട്ടിടങ്ങൾക്ക് മുകളിൽ ഷീറ്റ് വിരിക്കുന്നത് ക്രമവത്കരിക്കൽ

ശ്രീ. യു. എ. ലത്തീഫ്: സർ, കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന കെട്ടിടങ്ങളുടെ അപ്സ്റ്റയിറുകൾക്കുമുകളിൽ കെട്ടിട ഉടമകൾ ഷീറ്റുകൾ വിരിച്ചിട്ടുള്ളതായി തിരുവനന്തപുരം മുതൽ കാസർഗോഡുവരെ റോഡുമാർഗ്ഗം സഞ്ചരിച്ചാൽ കാണാൻ സാധിക്കും. ഇത് പ്രധാനമായും രണ്ടുമൂന്ന് കാര്യങ്ങൾക്കുവേണ്ടിയാണ്. മഴയിൽ നിന്നും വെയിലിൽ നിന്നും കെട്ടിടങ്ങൾക്ക് സംരക്ഷണം നൽകുക, കെട്ടിടങ്ങളുടെ ചോർച്ച ഒഴിവാക്കുക, താഴത്തെ നിലയിൽ താമസിക്കുന്നവർ അനുഭവിക്കുന്ന വലിയ ചൂട് ഒഴിവാക്കുക എന്നീ കാര്യങ്ങൾക്കുവേണ്ടിയാണ് പ്രധാനമായും കെട്ടിട ഉടമകൾ ഷീറ്റ് വിരിക്കുന്നത്. എന്നാൽ, ഓഡിറ്റ് വിഭാഗം സംസ്ഥാനത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് റാൻഡം പരിശോധന നടത്തി ഷീറ്റ് വിരിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കെതിരെ നടപടി സ്വീകരിക്കുന്ന സമീപനമാണ് കണ്ടുവരുന്നത്. അതോടുകൂടി അത്

അനധികൃത നിർമ്മാണമായി കണക്കാക്കപ്പെടുകയാണ്. തുടർന്ന്, പുതിയ കെട്ടിടം നിർമ്മിക്കുന്നതുപോലെ സെഡ് ബാക്ക്, പാർക്കിംഗ്, ക്ഷേമനിധി അടയ്ക്കൽ, മറ്റ് കച്ചവടക്കാരുടെ ലൈസൻസ് റദ്ദാക്കൽ തുടങ്ങിയ ശിക്ഷാവിധികൾ നടപ്പാക്കുന്നതിലൂടെ ജീവിക്കാൻവേണ്ടി കെട്ടിടമുണ്ടാക്കിയ ഉടമകൾ ഇത് ക്രമീകരിക്കാൻ സാധിക്കാതെ ജീവിതം തന്നെ വഴിമുട്ടുന്ന അവസ്ഥയിലേയ്ക്കെത്തുകയാണ്. അതുകൊണ്ട് വാടകയ്ക്ക് കൊടുക്കാത്ത, സ്വന്തമായി ഉപയോഗിക്കാത്ത, ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്ന അത്തരം ഷീറ്റ് വിരിച്ച മുകൾ നിലകളെ തുടർനടപടികളിൽനിന്ന് ഒഴിവാക്കാനാവശ്യമായ ചട്ടഭേദഗതി കൊണ്ടുവരണമെന്നും മുമ്പ് ഞാൻ ഈ സഭയിൽ ആവശ്യപ്പെട്ടതുപോലെ, കെട്ടിടയുടമകളെ ശത്രുക്കളായി കാണാതെ അവരോട് മാനുഷികമായ സമീപനം സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2019-ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം (74) പ്രകാരം മൂന്നുനിലകൾ വരെയുള്ളതും പത്തുമീറ്റർവരെ ഉയരമുള്ളതുമായ

ഏക കുടുംബ വാസഗൃഹങ്ങൾക്കുമുകളിൽ ടെറസ് ഫ്ലോറിൽനിന്ന് പരമാവധി 1.8 മീറ്റർ വരെ ഉയരത്തിൽ ഷീറ്റ്/ചരിഞ്ഞ ടൈൽഡ് റൂഫ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ആവശ്യമായിട്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടത്തിൽ വ്യക്തത വരുത്തിയിട്ടുണ്ട്. ആ വ്യവസ്ഥകൾ ദീർഘമായതിനാൽ ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗത്തിന് മറുപടിയിൽനിന്ന് അക്കാര്യങ്ങൾ മനസ്സിലാക്കാനാകും.

പെർമിറ്റ് ഫീസ് കണക്കാക്കുന്നതിനൊഴികെ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് ബിൽറ്റ്-അപ് ഏരിയ കണക്കാക്കാൻ മേൽപ്പറഞ്ഞതുപോലെ അധികം മേൽക്കൂരയുള്ള ടെറസ് ഏരിയ പരിഗണിക്കാൻ പാടില്ലാത്തതാണ്. ചട്ടം 74-ന്റെ പൂർണ്ണ രൂപം മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പഞ്ചായത്തുകൾക്കും അതുപോലെ നഗരസഭകൾക്കും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നിരുന്നാലും സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന നിർമ്മിതികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.